ഫയല് നം :C1/164/2025-TC തിയതി : 02-05-2025

ട്രാന്സ്പോര്ട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയില് : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 233331

**സർക്കുലർ 13/2025**

വിഷയം:- ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് ബോണറ്റ് നമ്പർ സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച്


സൂചന :-

1. ബഹുമാനപ്പെട്ട ഗതാഗത മന്ത്രിയുടെ നേതൃത്വത്തിൽ 5.3.2025 തീയതി കൂടിയ യോഗത്തിന്റെ തീരുമാനം
2. 14/04/2025 ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 10/2025 നമ്പർ സർക്കുലർ.

കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 ലെ ഉപ ചട്ടം 3 (iv) പ്രകാരം ഡ്രൈവിംഗ് സംബന്ധിച്ച പരിശീലനവും നിർദേശങ്ങളും പഠിതാക്കൾക്ക് നൽകുന്നതിനായി ഡ്രൈവിംഗ് സ്കൂൾ / സ്ഥാപനത്തിൻറെ ഉടമയ്ക്ക് ഓരോ തരത്തിലും പെട്ട ഒരു വാഹനമെങ്കിലും സ്വന്തമായി ഉണ്ടാകേണ്ടതും പരിപാലിക്കേണ്ടതുമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറിൽ ബോണറ്റ് നമ്പർ പ്രദർശിപ്പിക്കേണ്ട മാതൃക , പ്രദർശിപ്പിക്കേണ്ട വിധം എന്നിവയിൽ ചുവടെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി നിർദേശം പുറപ്പേടുവിക്കുന്നു.

ബോണറ്റ് നമ്പർ പ്രദർശിപ്പിക്കേണ്ട മാതൃകയും പ്രദർശിപ്പിക്കേണ്ട വിധവും ചുവടെ ചേർക്കുന്നു.




A - Driving School License Number
B - DS License Validity
C - RTO / SRTO Office Code
D - Bonet Number of Driving School vehicle
(No. allotted to a particular D.S. Vehicle/ Total No. of Vehicle owned by the D.S.)
E - Motor Driving School Name
F - Place

<u>പ്രദർശിപ്പിക്കേണ്ട വിധം:</u>

1 . ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ മേൽ പരാമർശിച്ചിട്ടുള്ള സ്റ്റിക്കർ ബോണറ്റിന്റെ മധ്യഭാഗത്തും, പിൻഭാഗത്ത് ഡിക്കി ഡോറിന്റെ മധ്യഭാഗത്തും വ്യക്തമായി കാണത്തക്ക വിധത്തിൽ പതിപ്പിക്കേണ്ടതാണ്. പ്രസ്തുത സ്റ്റിക്കറിൻ്റെ ഹ്രസ്വരൂപം (അളവിൽ 50% ചെറുതായി നിർമ്മിച്ചത്) ഡ്രൈവറുടെയും സഹഡ്രൈവറുടെയും കാഴ്ച മറയ്ക്കാത്ത രീതിയിൽ മുൻ വശത്തെ വിൻ്റ്ഷീൽഡ് ഗ്ലാസിൽ മുന്നിൽ നിന്നും കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. പ്രസ്തുത ഹ്രസ്വരൂപത്തിന്റെ പിൻഭാഗത്ത് ആർ ടി ഒ യുടെ ഒപ്പും സീലും ഉണ്ടായിരിക്കേണ്ടതാണ്. സ്റ്റിക്കർ പുറത്തു നിന്നും കാണത്തക്ക വിധത്തിൽ വിൻ്റ്ഷീൽഡ്

ഗ്ലാസിൽ വാഹനത്തിൻറെ അകത്തുനിന്നാണ് ഒട്ടിക്കേണ്ടത്. സ്റ്റിക്കറിന്റെ പിൻഭാഗത്ത് ആർ ടി ഒ യുടെ ഒപ്പം സീലും പതിക്കത്തക്കവിധത്തിൽ പിൻഭാഗം പേപ്പറിൽ ഉള്ളതായിരിക്കണം.

2.ഹെവി വാഹനങ്ങളിൽ മുൻവശത്ത് വിൻഡ്ഷീൽഡിന്റെ താഴെ മധ്യഭാഗത്തും, പിൻഭാഗത്തെ വിൻഡ്ഷീൽഡിന്റെ താഴെ മധ്യഭാഗത്തുമായി പ്രദർശിപ്പിക്കേണ്ടതാണ് . പ്രസ്തുത സ്റ്റിക്കറിൻ്റെ ഹ്രസ്വരൂപം (അളവിൽ 50% ചെറുതായി നിർമ്മിച്ചത്) ഡ്രൈവറുടെയും സഹഡ്രൈവറുടെയും കാഴ്ച മറയ്ക്കാത്ത രീതിയിൽ മുൻ വശത്തെ വിൻ്റ്ഷീൽഡ് ഗ്ലാസിൽ മുന്നിൽ നിന്നും കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. പ്രസ്തുത ഹ്രസ്വരൂപത്തിന്റെ പിൻഭാഗത്ത് ആർ ടി ഒ യുടെ ഒപ്പം സീലും ഉണ്ടായിരിക്കേണ്ടതാണ്. സ്റ്റിക്കർ പുറത്തു നിന്നും കാണത്തക്ക വിധത്തിൽ വിൻ്റ്ഷീൽഡ് ഗ്ലാസിൽ വാഹനത്തിൻറെ അകത്തുനിന്നാണ് ഒട്ടിക്കേണ്ടത്. സ്റ്റിക്കറിന്റെ പിൻഭാഗത്ത് ആർ ടി ഒ യുടെ ഒപ്പം സീലും പതിക്കത്തക്കവിധത്തിൽ പിൻഭാഗം പേപ്പറിൽ ഉള്ളതായിരിക്കണം.

3. മോട്ടോർസൈക്കിളുകളിൽ ഫ്യൂവൽ ടാങ്കിന്റെ ഇടതുവശത്ത് പുറമേ നിന്നും വ്യക്തമായി കാണത്തക്ക വിധം പ്രദർശിപ്പിക്കേണ്ടതാണ്.

4. മോട്ടോർസൈക്കിൾ വിത്തൗട്ട് ഗിയർ വിഭാഗത്തിൽ വാഹനത്തിൻറെ മുൻഭാഗത്ത് രജിസ്ട്രേഷൻ പ്ലേറ്റിന് തടസ്സമാകാത്ത രീതിയിൽ പുറമേ നിന്നും വ്യക്തമായി കാണത്തക്ക വിധം പ്രദർശിപ്പിക്കേണ്ടതാണ്.

5.ബോണറ്റ് നമ്പർ അനുവദിച്ച ഓരോ ഡ്രൈവിംഗ് സ്കൂൾ വാഹനത്തിനും സ്റ്റിക്കർ നൽകുന്ന വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ടി രെജിസ്റ്ററിൽ ഡ്രൈവിംഗ് സ്കൂളിൻറെ പേര്, ലൈസൻസ് നമ്പർ, ലൈസൻസ് കാലാവധി, ലൈസൻസിൽ ചേർത്തിട്ടുള്ള വാഹനങ്ങളുടെ രജിസ്റ്റർ നമ്പർ, വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി , ടാക്സ്, ഇൻഷ്വറൻസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ കാലാവധി ഓരോ വാഹനത്തിനും അനുവദിച്ച ബോണറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

പരാമശം(2) ലെ നിർദേശങ്ങൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

സ്വീകർത്താവ്:-

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ എൻഫോഴ്സ്മെൻ്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
4. എല്ലാ ജോയിൻ്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ് :-

എസ്.എസ്.ജി സെൽ നോഡൽ ഓഫീസർ

മോട്ടോർ വാഹന വകുപ്പ്, കേരളം